REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 04-05-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ ജനമനസ്സ് ആർക്കൊപ്പമെന്ന് ഇന്നറിയാം. വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും.
- പശ്ചിമബംഗാൾ, തമിഴ്നാട്, പുതുച്ചേരി, അസം എന്നിവിടങ്ങളിലെ വോട്ടെണ്ണലും രാവിലെ എട്ടിന് തുടങ്ങും.
- 'മിഷൻ ദൃഷ്ടി' യുടെ വിജയകരമായ വിക്ഷേപണത്തെ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു.
- പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്ധന വിതരണവും, കപ്പൽ ഗതാഗതവും സുഗമമാക്കാൻ, നടപടികൾ സ്വീകരിച്ചതായി കേന്ദ്രം.
- വാണിജ്യ LPG സിലിണ്ടർ വിലയിലെ വൻവർദ്ധന ജനജീവിതത്തെ ഗുരുതരമായി ബാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ ജനമനസ്സ് ആർക്കൊപ്പമെന്ന് ഇന്നറിയാം. എക്സിറ്റ്പോൾ ഫലങ്ങളുടെയും, മുന്നണികളുടെ കണക്കെടുപ്പിന്റെയും, കതിരും പതിരും തിരിച്ചറിയാൻ ഇനി മണിക്കൂറുകൾ മാത്രം. രാവിലെ പത്തു മണിയോടെ തന്നെ പ്രവണതകൾ ലഭിച്ചുതുടങ്ങും. ഉച്ചയോടെ ജനഹിതം ഏറെക്കുറെ വ്യക്തമാകുമെന്നാണ് കണക്കാക്കുന്നത്. ആദ്യം എണ്ണുന്ന തപാൽവോട്ടുകൾ സാധാരണഗതിയിൽ തിരഞ്ഞെടുപ്പ് ഫലത്തിന്റെ ദിശാസൂചകമാകാറില്ല. എട്ടരയോടെ വോട്ടിംഗ് യന്ത്രങ്ങളിലെ

വോട്ട് എണ്ണിത്തുടങ്ങുമ്പോഴേ 140 മണ്ഡലങ്ങളിലെയും ജനവിധിയുടെ നേർസാക്ഷ്യം ലഭ്യമാകൂ.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വോട്ടെണ്ണിത്തുടങ്ങാൻ ഒരു മണിക്കൂർ മാത്രം ശേഷിക്കുമ്പോഴും LDF ഉം, UDF ഉം NDA യും തികഞ്ഞ ആത്മവിശ്വാസമാണ് പ്രകടിപ്പിക്കുന്നത്. തുടർഭരണം ഉണ്ടാകുമെന്ന് LDF ഉം, വൻഭൂരിപക്ഷത്തിൽ ഭരണം പിടിക്കുമെന്ന് UDF ഉം ആവർത്തിക്കുമ്പോൾ, നിർണായക ശക്തിയായി മാറുമെന്നും, പല മണ്ഡലങ്ങളിലും അട്ടിമറി ജയം നേടുമെന്നും BJP യും NDA യും അവകാശപ്പെടുന്നു.

വോട്ടെണ്ണലിന് ജില്ലകളിൽ ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഓരോ മണ്ഡലത്തിലെയും വോട്ടെണ്ണൽ നിരീക്ഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ 13 വീതം നിരീക്ഷരെ നിയോഗിച്ചിട്ടുണ്ട്. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ വൻ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തി. 32,000 ത്തിൽപ്പരം പൊലീസ് ഉദ്യോഗസ്ഥർക്കാണ് സുരക്ഷാ ചുമതല.

തിരഞ്ഞെടുപ്പ്കമ്മീഷന്റെ നിർദ്ദേശപ്രകാരം വോട്ടെണ്ണൽ കേന്ദ്രങ്ങളിലേക്ക് Q R കോഡ് പതിച്ച പാസുകളുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ നൂറ് മീറ്റർ പരിധിയിൽ വാഹനങ്ങൾക്ക് പ്രവേശനമില്ല. കേന്ദ്രങ്ങൾക്കെല്ലാം ത്രിതല സുരക്ഷാ സംവിധാനവും, CC TV, ഡ്രോൺ നിരീക്ഷണം എന്നിവയും ഏർപ്പെടുത്തി.

✪✪✪

കണ്ണൂർ ജില്ലയിൽ വോട്ടെണ്ണൽ സജ്ജീകരണങ്ങൾ പൂർത്തിയായി. ഉദ്യോഗസ്ഥർ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ എത്തിക്കഴിഞ്ഞു.

കണ്ണൂരിൽനിന്ന് K.O ശശിധരൻ.

.........(വോയ്സ്).................

✪✪✪

കോഴിക്കോട് ജില്ലയിലെ 13 നിയമസഭ മണ്ഡലങ്ങളിലെ വോട്ടെണ്ണൽ മൂന്ന് കേന്ദ്രങ്ങളിലായി നടത്തും. വടകര, കുറ്റ്യാടി, നാദാപുരം മണ്ഡലങ്ങളുടെ വോട്ടെണ്ണൽ മടപ്പള്ളി ഗവ. കോളേജിലാണ്.

തിരുവമ്പാടി, കൊടുവള്ളി മണ്ഡലങ്ങളുടെ വോട്ടെണ്ണൽ കൂടത്തായി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിലും, കൊയിലാണ്ടി, പേരാമ്പ്ര, ബാലുശ്ശേരി, എലത്തൂർ, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, ബേപ്പൂർ, കുന്ദമംഗലം മണ്ഡലങ്ങളിലെ വോട്ടെണ്ണൽ വെള്ളിമാടുകുന്ന് JDT കോംപ്ലക്സിലും ആയിരിക്കും.

✪✪✪

തൃശ്ശൂർ ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടെണ്ണൽ മൂന്ന് കേന്ദ്രങ്ങളിലാണ് നടത്തുന്നത്. തൃശ്ശൂർ ഗവ.എൻജിനീയറിംഗ് കോളേജ്, ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് എന്നീ കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രകാരം വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് പ്രവേശനം കർശന നിയന്ത്രണങ്ങൾ പാലിച്ചായിരിക്കും.

✪✪✪

കൊല്ലം ജില്ലയിലെ 11 മണ്ഡലങ്ങളിലെ വോട്ടെണ്ണൽ നഗരത്തിലെ രണ്ട് സ്കൂളുകളിൽ സജ്ജമാക്കിയിരിക്കുന്ന വോട്ടെണ്ണൽ കേന്ദ്രങ്ങളിലാണ് നടത്തുന്നത്. സെന്റ് അലോഷ്യസ് സ്കൂളിൽ ആറ് മണ്ഡലങ്ങളിലെ വോട്ടുകളും, ക്രിസ്തുരാജ് സ്കൂളിൽ അഞ്ച് മണ്ഡലങ്ങളിലെ വോട്ടും എണ്ണും.

✪✪✪

കേരളത്തോടൊപ്പം വോട്ടെടുപ്പ് നടന്ന പശ്ചിമബംഗാൾ, തമിഴ്നാട്, പുതുച്ചേരി, അസം എന്നിവിടങ്ങളിലെ വോട്ടെണ്ണലും രാവിലെ എട്ടിന് ആരംഭിക്കും.

കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)....

തമിഴ്നാട്ടിൽ DMK സഖ്യം ഒരു വട്ടംകൂടി ഭരണത്തിലെത്തുമെന്ന് എക്സിറ്റ്പോളുകൾ പൊതുവെ വിലയിരുത്തുമ്പോൾ, നടൻ വിജയ് യുടെ തമിഴക വെട്രികഴകം വൻഭൂരിപക്ഷം നേടുമെന്ന മറ്റൊരു എക്സിറ്റ്പോൾ പ്രവചനവും പുറത്തുവന്നിട്ടുണ്ട്. 234 സീറ്റുകളാണ് തമിഴ്നാട്ടിൽ.

പശ്ചിമബംഗാളിൽ മിക്ക എക്സിറ്റ്പോളുകളും BJP സഖ്യത്തിന് വിജയസാധ്യത പ്രവചിക്കുമ്പോൾ, അസമിൽ ഭരണത്തുടർച്ചയാണ് മിക്ക പ്രവചനങ്ങളും നൽകുന്നത്.

77 വോട്ടെണ്ണൽ കേന്ദ്രങ്ങൾ പശ്ചിമബംഗാളിൽ ഒരുക്കിയിട്ടുണ്ട്. 294 അംഗ നിയമസഭയിലെ 293 ഇടങ്ങളിലെയും വോട്ടെണ്ണൽ ഇന്നാണ്. തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയ ഫാൽത്താ നിയമസഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് ഈ മാസം 21 നാണ്. 24-ന് വോട്ടെണ്ണും.

അസമിൽ 126 മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ രാവിലെ തുടങ്ങും.

പുതുച്ചേരിയിൽ ഭരണപക്ഷം വിജയം ആവർത്തിക്കുമെന്നാണ് എക്സിറ്റ്പോളുകൾ പ്രവചിക്കുന്നത്. 30 നിയമസഭാ സീറ്റുകളാണ് പുതുച്ചേരിയിൽ.

കർണാടക, മഹാരാഷ്ട്ര, ത്രിപുര, നാഗാലാന്റ്, ഗുജറാത്ത് എന്നിവിടങ്ങളിലെ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും രാവിലെ തുടങ്ങും.

✪✪✪

വോട്ടെണ്ണൽ ദിനത്തിൽ, ഫലസൂചനകൾ തത്സമയം ശ്രോതാക്കളിലെത്തിക്കാൻ ആകാശവാണി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. രാവിലെ എട്ടര മുതൽ ഉച്ചയ്ക്ക് ഒന്നര വരെ ഓരോ മണിക്കൂർ ഇടവിട്ട് കോഴിക്കോട്ട് നിന്ന് പ്രത്യേക വാർത്താ ബുള്ളറ്റിൻ പ്രക്ഷേപണം ചെയ്യും. ഉച്ചയ്ക്ക് 12-30 ന്റെ പ്രാദേശിക വാർത്ത 15 മിനിറ്റായിരിക്കും.

തിരുവനന്തപുരം നിലയം രാവിലെ ഒൻപത് മുതൽ രാത്രി 8-35 വരെ പതിവു വാർത്തകൾക്കു പുറമെ ഓരോ മണിക്കൂർ ഇടവിട്ട് പ്രത്യേക വാർത്താബുള്ളറ്റിനും പ്രക്ഷേപണം ചെയ്യും.

വോട്ടെണ്ണൽ ആരംഭിക്കുന്നതു മുതൽ ഫലപ്രഖ്യാപനം പൂർണമാകുന്നതുവരെ ആകാശവാണി നിലയങ്ങൾ ഫലപ്രവണതകളും തത്സമയ ചർച്ചകളും വിശകലന പരിപാടികളും പ്രക്ഷേപണം ചെയ്യും.

✪✪✪

ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പായ ഗാലക്സ്-EYE നിർമ്മിച്ച ലോകത്തെ ആദ്യ ഒപ്റ്റോSAR ഉപഗ്രഹം - 'മിഷൻ ദൃഷ്ടി' യുടെ വിജയകരമായ വിക്ഷേപണത്തെ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും. അഭിനന്ദിച്ചു. ഇന്ത്യയുടെ ബഹിരാകാശ, നവീകരണ യാത്രയിലെ പ്രധാന നാഴികക്കല്ലാണ് 'മിഷൻ ദൃഷ്ടി'യെന്ന് ഇരുവരും അഭിപ്രായപ്പെട്ടു.

ഏത് കാലാവസ്ഥയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന മിഷൻ ദൃഷ്ടി, ഇന്ത്യയുടെ വാണിജ്യ ബഹിരാകാശ ആവാസവ്യവസ്ഥയ്ക്ക് ഒരു സുപ്രധാന ചുവടുവയ്പ്പാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. തദ്ദേശീയമായി നിർമ്മിച്ച

ഏറ്റവും വലിയ ഉപഗ്രഹത്തിന്റെ വിജയകരമായ വിക്ഷേപണം നവീകരണത്തിനും രാഷ്ട്രനിർമ്മാണത്തിനും യുവാക്കളുടെ അഭിനിവേശത്തിന്റെ തെളിവാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

2021-ൽ അഞ്ച് IIT മദ്രാസ് പൂർവ്വ വിദ്യാർത്ഥികൾ ചേർന്ന് സ്ഥാപിച്ച ബെംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ആണ് ഗാലക്സ് EYE.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്ധന വിതരണവും, കപ്പൽ ഗതാഗതവും സുഗമമാക്കാനും, പൗരന്മാർക്ക് പിന്തുണ നൽകാനും കേന്ദ്രം എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഗവണ്മെന്റ് വ്യക്തമാക്കി. LPG പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ രാജ്യവ്യാപകമായി പരിഹാര നടപടികൾ തുടരുകയാണെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം അറിയിച്ചു.

ഓൺലൈൻ സിലിണ്ടർ ബുക്കിംഗ് 99 ശതമാനമായി ഉയർന്നു. ഇന്നലെ മാത്രം 47 ലക്ഷത്തിൽപ്പരം ഗാർഹിക സിലിണ്ടറുകൾ വിതരണം ചെയ്തതായും മന്ത്രാലയം വെളിപ്പെടുത്തി.

MT സർവ് ശക്തി എന്ന LPG കപ്പൽ ഇന്നലെ ഹോർമുസ് കടലിടുക്ക് സുരക്ഷിതമായി കടന്നു. ഈ മാസം 13 ന് കപ്പൽ വിശാഖപട്ടണത്ത് എത്തുമെന്നാണ് പ്രതീക്ഷ. ഇന്ത്യൻ,UAE വിമാന കമ്പനികൾ വിമാന സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. ഇതിനകം 2,500 ലധികം ഇന്ത്യക്കാരെ സുരക്ഷിതമായി നാട്ടിലേക്കെത്തിച്ചിട്ടുണ്ടെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി അറിയിച്ചു.

✪✪✪

വാണിജ്യ LPG സിലിണ്ടർ വിലവർദ്ധന ജനജീവിതത്തെ ഗുരുതരമായി ബാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു. ഹോട്ടൽ-റെസ്റ്റോറന്റ് മേഖലയെ വിലക്കയറ്റം തകർക്കുമെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. അഞ്ചു കിലോ LPG സിലിണ്ടറിന്റെ വില വർദ്ധിപ്പിച്ചത് കുടിയേറ്റ തൊഴിലാളികളെയും, ചെറു കുടുംബങ്ങളെയും ബാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

എണ്ണക്കമ്പനികളുടെ ലാഭം മുൻനിർത്തി ജനങ്ങൾക്കുമേൽ അധികഭാരം ഏർപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ലെന്നും ഈ നയം തിരുത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

മുണ്ടത്തിക്കോട് വെടിമരുന്ന് ശാലയിലെ ദുരന്തത്തിൽ മരിച്ച വെടിക്കെട്ട് ലൈസൻസി മുണ്ടത്തിക്കോട് സതീശന്റെ കുടുംബത്തിന് തിരുവമ്പാടി ദേവസ്വം അഞ്ച് ലക്ഷം രൂപ നൽകും. സംഭവത്തിൽ മരിച്ച ദേവസ്വം പ്രതിനിധികളായ അഞ്ച് പേരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതവും സഹായം അനുവദിച്ചു. അപകടത്തിൽ മരിച്ച മറ്റ് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും കൈമാറും.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, പഞ്ചാബ് കിംഗ്സിനെ അഹമ്മദാബാദിൽ നാല് വിക്കറ്റിന് തോൽപ്പിച്ചു. നേരത്തെ ആദ്യ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC ബംഗളുരു FC യെ നേരിടും. ഗോവയിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

വിപണിയിലെ സ്ഥിരത ഉറപ്പാക്കാൻ ജൂൺ മുതൽ എണ്ണ ഉൽപ്പാദനത്തിൽ നേരിയ വർധന വരുത്താൻ തീരുമാനിച്ചതായി സൗദി അറേബ്യയും റഷ്യയും ഉൾപ്പെടെ എണ്ണ ഉല്പാദക രാജ്യങ്ങളുടെ ഒപെക് പ്ലസ് കൂട്ടായ്മയിലെ ഏഴ് രാജ്യങ്ങൾ അറിയിച്ചു. വെർച്വൽ യോഗത്തിനു ശേഷമാണ് ഒപെക് പ്ലസ് രാജ്യങ്ങൾ ഇക്കാര്യമറിയച്ചത്.

✪✪✪

കാസർകോട് നീലേശ്വരം നഗരത്തെ രണ്ടായി വിഭജിക്കുന്ന ദേശീയ പാത 66 ലെ റോഡ് നിർമ്മാണം അവസാനിപ്പിച്ച് ആകാശപാത നിർമ്മിക്കണമെന്ന

ആവശ്യമുന്നയിച്ച് ജനകീയ സമരസമിതിയുടെ അനിശ്ചിത കാല സമരം 42 ദിവസം പിന്നിട്ടു. നിരവധി സംഘടനകളും വ്യക്തികളും സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നുണ്ട്. സാമൂഹ്യ പ്രവർത്തകൻ ശ്രീനാഥ് ശശി കോർഡിനേറ്ററായ സമര സമിതിയാണ് പ്രതിഷേധത്തിന് നേതൃത്വം നൽകുന്നത്.

✪✪✪

കോഴിക്കോട് വെള്ളയിൽ ജോസഫ് റോഡിലെ പ്രിന്റിങ് പ്രസിലെ തീപിടിത്തത്തിൽ ലക്ഷങ്ങളുടെ നാശനഷ്ടം കണക്കാക്കുന്നു. പേപ്പർ റോളുകൾ സൂക്ഷിച്ചിരുന്ന കെട്ടിടവും മേൽക്കൂരയും പൂർണമായി കത്തി നശിച്ചു. പ്രസിന് അവധിയായിരുന്നതിനാൽ സംഭവസമയത്ത് ജീവനക്കാർ ഉണ്ടായിരുന്നില്ല. ഒരു മണിക്കൂറിലേറെ ശ്രമിച്ചാണ് തീപിടുത്തം നിയന്ത്രണ വിധേയമാക്കിയത്.

✪✪✪

വിശ്വശിൽപ്പി കാനായി കുഞ്ഞിരാമനെ കണ്ണൂർ - കാസർകോട് ജില്ലകളിലെ കലാ - സാഹിത്യ സാംസ്ക്കാരിക കൂട്ടായ്മ കാഞ്ഞങ്ങാട്ട് ആദരിച്ചു. കാസർകോട് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിനടുത്ത് കാനായിയുടെ ശിൽപ്പ സമുച്ചയ നിർമ്മാണം പൂർത്തിയായതിനോട് അനുബന്ധിച്ച് അതിയാമ്പൂരിലെ വീട്ടിലായിരുന്നു ചടങ്ങ്.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, മണികണ്ഠൻ*
*DEO : ഷീബ*